LIBRARY ARCHIVES Kerala Legislative Assembly

പാർക്കിംഗ് ഏരിയ ഇല്ലാത്ത ബഹുനില കെട്ടിടങ്ങൾ

48 [5889] ശ്രീ. ഇ. എം. അഗസ്തി:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിടങ്ങൾക്ക് പാർക്കിംഗ് ഏരിയ ഉണ്ടായിരിക്കണമെന്നത് നിർബന്ധമാണോ;

(ബി) പാർക്കിംഗ് ഏരിയ ഇല്ലാത്ത എത്ര ബഹുനില കെട്ടിടങ്ങൾ തിരുവനന്തപുരം നഗരത്തിലുണ്ട്;

(സി) ഇവയിൽ എത്രയെണ്ണത്തിന് പാർക്കിംഗ് ഏരിയ ഒഴിവാക്കിക്കൊണ്ട് സ്പെഷ്യൽ സാംഗ്ഷൻ നൽകിയിട്ടുണ്ട്;

(ഡി) ഇപ്രകാരം സ്പെഷ്യൽ സാംഗ്ഷൻ നൽകുവാനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) പാർക്കിംഗ് ഏരിയ കുറവുള്ള ബഹുനില കെട്ടിടങ്ങൾ തിരുവനന്തപുരം നഗരത്തിലുണ്ട്. അവയുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 1984-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിന്ന് സർക്കാർ ഇളവുകൾ നൽകിയതുമൂലവും റോഡ് വികസനത്തിന് സ്ഥലമെടുത്തത് മൂലവും പാർക്കിംഗ് ഏരിയയിൽ കുറവുള്ള ബഹുനില കെട്ടിടങ്ങൾ ഉണ്ട്. കൂടാതെ 1999-ലെ കേരളാ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 11-ാം അദ്ധ്യായപ്രകാരം റോഡ് വികസനത്തിന് സൗജന്യമായി സ്ഥലംവിട്ടു കൊടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ പ്രകാരവും പാർക്കിംഗ് ഏരിയായിൽ ഇളവുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 16 കെട്ടിടങ്ങൾക്കാണ് ഇളവുകൾ നൽകിയിട്ടുള്ളത്.

(ഡി) 1984-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഇളവുകൾ നൽകുവാൻ സർക്കാരിന് അധികാരമുണ്ടായിരുന്നു. 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ 85-ാം ചട്ടപ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിക്ക് റോഡ് വികസനത്തിന് സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുന്നവർക്ക് ഇളവുകൾ നൽകാനുള്ള അധികാരമുണ്ട്.